**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5490** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി വികസന വകുപ്പ് വഴി നൽകുന്ന ധനസഹായം ഇപ്പോൾ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി വികസന വകുപ്പ് വഴി നിലവിൽ 75,000/-രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിച്ചുവരുന്നു. |
| (ബി) | ഈ ആനുകൂല്യം ലഭിക്കാൻ ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും, അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ ; | (ബി) | മിശ്ര വിവാഹ ധനസഹായ ആനുകൂല്യം ലഭ്യമാകുന്നതിലേയ്ക്ക് ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടിയ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷം 3 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരിച്ചറിയൽ രേഖകൾ, വിവാഹ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റുകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് രേഖകൾ, ദമ്പതികളുടെ സഹവാസ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സമർപ്പിക്കേണ്ടതാണ്. പട്ടികജാതിയിൽപ്പെട്ട വ്യക്തി പട്ടികേതര ജാതിയിൽപ്പെട്ടവരെ വിവാഹം കഴിക്കുന്ന പക്ഷം വീട്ടുകാരിൽ നിന്നും സമൂഹത്തിൽ നിന്നും നേരിടുന്ന ഒറ്റപ്പെടലുകൾ ഒഴിവാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി മിശ്രവിവാഹ ധനസഹായം അനുവദിച്ചുവരുന്നു. |
| (സി) | ഈ ആനുകൂല്യത്തിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൊയിലാണ്ടി നിയോജക മണ്ഡല പരിധിയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിൽ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ ; | (സി) | മിശ്രവിവാഹ ധനസഹായത്തിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും 108 അപേക്ഷകൾ ലഭിച്ചതിൽ 67 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഏത് തീയതി മുതലുള്ള അപേക്ഷകളിന്മേലാണ് | (ഡി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ഇനിയും ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **5490** **13.08.2021** ലെ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്കുള്ള ധനസഹായം

| | ചോദ്യം<br><br>ശ്രീമതി.കാനത്തിൽ ജമീല | | മറുപടി<br>കെ.രാധാകൃഷ്ണൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ,പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി വികസന വകുപ്പ് വഴി നൽകുന്ന ധനസഹായം ഇപ്പോൾ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ; | എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി വികസന വകുപ്പ് വഴി നിലവിൽ **75,000/-**രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിച്ചുവരുന്നു. |
| ബി) | ഈ ആനുകൂല്യം ലഭിക്കാൻ ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും, അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | ബി) | മിശ്ര വിവാഹ ധനസഹായ ആനുകൂല്യം ലഭ്യമാകുന്നതിലേയ്ക്ക് ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടിയ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷം 3 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരിച്ചറിയൽ രേഖകൾ, വിവാഹ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റുകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് രേഖകൾ, ദമ്പതികളുടെ സഹവാസ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സമർപ്പിക്കേണ്ടതാണ്. പട്ടികജാതിയിൽപ്പെട്ട വ്യക്തി പട്ടികേതര ജാതിയിൽപ്പെട്ടവരെ വിവാഹം കഴിക്കുന്ന പക്ഷം വീട്ടുകാരിൽ നിന്നും സമൂഹത്തിൽ നിന്നും നേരിടുന്ന ഒറ്റപ്പെടലുകൾ ഒഴിവാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി മിശ്രവിവാഹ ധനസഹായം അനുവദിച്ചുവരുന്നു. |
| സി) | ഈ ആനുകൂല്യത്തിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൊയിലാണ്ടി നിയോജക മണ്ഡല പരിധിയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിൽ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | സി) | മിശ്രവിവാഹ ധനസഹായത്തിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും **108** അപേക്ഷകൾ ലഭിച്ചതിൽ **67** പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| ഡി) | ഏത് തീയതി മുതലുള്ള അപേക്ഷകളിന്മേലാണ് ഇനിയും ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ? | ഡി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| ക്രമ നം. | ജില്ല | ധനസഹായം വിതരണം ചെയ്യാൻ അവശേഷിക്കുന്ന അപേക്ഷകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 12/2019 മുതലുള്ള അപേക്ഷകൾ |
| 2 | കൊല്ലം | 10/2019 മുതലുള്ള അപേക്ഷകൾ |
| 3 | പത്തനംതിട്ട | 7/2021 മുതലുള്ള അപേക്ഷകൾ |
| 4 | ആലപ്പുഴ | 4/2020 മുതലുള്ള അപേക്ഷകൾ |
| 5 | കോട്ടയം | 28/01/2021 മുതലുള്ള അപേക്ഷകൾ |
| 6 | ഇടുക്കി | 23/07/2020 മുതലുള്ള അപേക്ഷകൾ |
| 7 | എറണാകുളം | 21/11/2019 മുതലുള്ള അപേക്ഷകൾ |
| 8 | തൃശ്ശൂർ | 15/03/2019 മുതലുള്ള അപേക്ഷകൾ |
| 9 | പാലക്കാട് | 24/06/2019 മുതലുള്ള അപേക്ഷകൾ |
| 10 | മലപ്പുറം | 09/07/2020 മുതലുള്ള അപേക്ഷകൾ |
| 11 | കോഴിക്കോട് | 04/03/2020 മുതലുള്ള അപേക്ഷകൾ |
| 12 | വയനാട് | 09/09/2020 മുതലുള്ള അപേക്ഷകൾ |
| 13 | കണ്ണൂർ | 12/03/2020 മുതലുള്ള അപേക്ഷകൾ |
| 14 | കാസർഗോഡ് | 18/01/2020 മുതലുള്ള അപേക്ഷകൾ |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | ജില്ല | ധനസഹായം വിതരണം ചെയ്യാൻ അവശേഷിക്കുന്ന അപേക്ഷകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 12/2019 മുതലുള്ള അപേക്ഷകൾ |
| 2 | കൊല്ലം | 10/2019 മുതലുള്ള അപേക്ഷകൾ |
| 3 | പത്തനംതിട്ട | 7/2021 മുതലുള്ള അപേക്ഷകൾ |
| 4 | ആലപ്പുഴ | 4/2020 മുതലുള്ള അപേക്ഷകൾ |
| 5 | കോട്ടയം | 28/01/2021 മുതലുള്ള അപേക്ഷകൾ |
| 6 | ഇടുക്കി | 23/07/2020 മുതലുള്ള അപേക്ഷകൾ |
| 7 | എറണാകുളം | 21/11/2019 മുതലുള്ള അപേക്ഷകൾ |
| 8 | തൃശ്ശൂർ | 15/03/2019 മുതലുള്ള അപേക്ഷകൾ |
| 9 | പാലക്കാട് | 24/06/2019 മുതലുള്ള അപേക്ഷകൾ |
| 10 | മലപ്പുറം | 09/07/2020 മുതലുള്ള അപേക്ഷകൾ |
| 11 | കോഴിക്കോട് | 04/03/2020 മുതലുള്ള അപേക്ഷകൾ |
| 12 | വയനാട് | 09/09/2020 മുതലുള്ള അപേക്ഷകൾ |
| 13 | കണ്ണൂർ | 12/03/2020 മുതലുള്ള അപേക്ഷകൾ |
| 14 | കാസർഗോഡ് | 18/01/2020 മുതലുള്ള അപേക്ഷകൾ |

സെക്ഷൻ ഓഫീസർ